(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഓൺലൈൻ ലൈബ്രറി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഗവൺമെന്റിതര സംഘടനകളുടെ സഹായം തേടുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓൺലൈൻ ലൈബ്രറി (ഇലക്ട്രോണിക് മെഡിക്കൽ ലൈബ്രറി) ആരംഭിച്ചുകഴിഞ്ഞു. കോട്ടയത്തും കോഴിക്കോടും ഇതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) കോട്ടയത്തും കോഴിക്കോട്ടും ഓൺലൈൻ ലൈബ്രറി ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. "അസോസിയേഷൻ ഓഫ് കേരള മെഡിക്കൽ ഗ്രാജ്വേറ്റ്സ് ഇൻ അമേരിക്ക" എന്ന സംഘടനയുടെ സാമ്പത്തിക സഹായത്തോടെയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓൺലൈൻ ലൈബ്രറി ആരംഭിച്ചത്. ഈ സംഘടന തന്നെയാണ് കോട്ടയത്തും കോഴിക്കോട്ടും ലൈബ്രറി തുടങ്ങുന്നതിന് ധനസഹായം ചെയ്യുന്നത്.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒഴിവുകളും ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനവും

116 [839] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇപ്പോൾ എത്ര ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ഡിപ്പാർട്ട്മെന്റിലും അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണെന്നും ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഒരു വർഷത്തിൽ കൂടുതലായി ഒഴിഞ്ഞുകിടക്കുന്ന എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മിനിസ്റ്റീരിയൽ സ്റ്റാഫ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ തസ്തികകളിലെ ഒഴിവുകൾ എത്ര;

(ഇ) ന്യൂറോ സർജറി വിഭാഗത്തിൽ ഇപ്പോൾ എത്ര ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മെഡിക്കൽ കോളേജിൽ പ്രിൻസിപ്പാളിന്റെ തസ്തിക എന്നുമുതലാണ് ഒഴിഞ്ഞുകിടക്കുന്നത് എന്ന് പറയാമോ;

(ജി) പുതിയ പ്രിൻസിപ്പാളെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ടൗൺ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 13 ഡിപ്പാർട്ടുമെന്റുകളും മുളംകുന്നത്തുകാവ് മെഡിക്കൽ കോളേജ് നെഞ്ച് രോഗാശുപത്രിയിൽ 11 ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഓരോ ഡിപ്പാർട്ടുമെന്റിലും അനുവദിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഒരു വർഷത്തിലധികമായി 9 അസിസ്റ്റന്റ് പ്രൊഫസർമാരുടേയും 46 ലക്ചറർമാരുടേയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ലക്ചറർമാരുടെ ഒഴിവുകളിൽ താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

(ഡി) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ 7-ഉം പാരാമെഡിക്കൽ സ്റ്റാഫിന്റെ 28-ഉം ഒഴിവുകൾ ഉണ്ട്.

(ഇ) ന്യൂറോ സർജറി വിഭാഗത്തിൽ ഇപ്പോൾ മൂന്ന് ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ട് പേർ കരാറടിസ്ഥാനത്തിലാണ്. പ്രൊഫസർ തസ്തികയിലെ ഒരു ഒഴിവ് നികത്തുന്നതാനായി നടപടികൾ സ്വീകരിച്ചുവരുന്നു. യോഗ്യത നേടിയ ലക്ചറർമാർ ഇല്ലാത്തതിനാൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ നാല് ഒഴിവുകൾ നികത്താൻ കഴിയുന്നില്ല. നാലു ലക്ചറർമാരെ ഈ വിഭാഗത്തിലേക്കു നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

(എഫ്) 1-3-2003 മുതൽ പ്രിൻസിപ്പാളിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ജി) പുതിയ പ്രിൻസിപ്പാളിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസി ലക്ചറർമാരുടെ ഒഴിവുകൾ

117 [840] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസി ലക്ചറർമാരുടെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly